പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *252 | 20/12/2012 ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് :<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. സി. മമ്മൂട്ടി : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനത്തിന് ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദവിവരം നൽകുമോ ;<br><br>ബി) ഏതൊക്കെ സൗകര്യങ്ങളുടെ വികസനമാണ് പ്രസ്തുത പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത് ; | (എ) & (ബി) അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി എസ്.എസ്.എ വഴി പെൺകുട്ടികളുടെ 1165 മൂത്രപ്പുര, 82 പൊതുമൂത്രപ്പുര, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ 735 മൂത്രപ്പുര, 32 കുടിവെള്ള പദ്ധതി, 3716 റാമ്പ് & റെയിൽ, 37 അധിക ക്ലാസ് മുറി, 128 സി.ആർ.സി. കെട്ടിടം, 301 ഇടഭിത്തി, 1806 ശിശുസൗഹൃദ യൂണിറ്റുകൾ എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ആർ.എം.എസ്.എ യുടെ പരിധിയിൽ വരുന്ന ഹൈസ്കൂളുകൾക്ക് ലബോറട്ടറി, ലൈബ്രറി, കുടിവെള്ളം, വൈദ്യുതി, ടെലിഫോൺ തുടങ്ങിയവയുടെ ആവശ്യത്തിനായി 60000/- രൂപ ക്രമത്തിൽ വാർഷിക ഗ്രാന്റും മെയിന്റിനൻസ് ഗ്രാന്റും നൽകിവരുന്നുണ്ട്.<br><br>ശുചിത്വമിഷൻ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ 'നിർമ്മൽ ഭാരത് അഭിയാന്റെ' ഭാഗമായി സർക്കാർ സ്കൂളുകളിൽ ടോയ്‌ലറ്റുകളും മൂത്രപ്പുരകളുമടക്കമുള്ള സ്കൂൾ ടോയ്‌ലറ്റ് യൂണിറ്റുകളുടെ സൗകര്യം ഒരുക്കുന്നതാണ്.<br><br>സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 2012-13 സാമ്പത്തിക വർഷത്തിൽ ബജറ്റു വിഹിതമായി ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിന് 5,100 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 100 ലക്ഷം രൂപ തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനായാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി |

5,000 ലക്ഷം രൂപ ഫ്യൂച്ചർ സ്കൂൾ എന്ന പദ്ധതി പ്രകാരം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഡി.പി.ഐ, വി.എച്ച്.എസ്.ഇ എന്നീ വകുപ്പുകൾക്കു കൂടി അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റു വിഹിതമായി അനുവദിച്ചിട്ടുള്ള തുകകൾ സംയോജിപ്പിച്ച് തിരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ബഹു: സുപ്രീം കോടതിയുടെ WP(C) 631/2004 dated 03/10/2012 ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മതിയായ ടോയ്‌ലറ്റ് സൗകര്യം ഒരുക്കേണ്ടതുള്ളതിനാൽ 1000 ലക്ഷം രൂപ 200 സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ നിർമ്മിച്ചു നൽകുന്നതിനായി സർക്കാർ ഉത്തരവ് (ആർ.ടി) നം.5471/12/പൊ.വി.വ തീയതി 17/11/2012 പ്രകാരം ഉത്തരവ് ആയിട്ടുണ്ട്. ഇതിനു വേണ്ട നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ബജറ്റു വിഹിതത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അവശേഷിക്കുന്ന 4000 ലക്ഷം രൂപ സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ കെട്ടിട നിർമ്മാണം, ലബോറട്ടറി, കംപ്യൂട്ടർ സൗകര്യങ്ങൾ ഒരുക്കൽ, ടോയ്‌ലറ്റ്, കുടിവെള്ള സൗകര്യ വികസനം ഒരുക്കൽ എന്നിവയ്ക്ക് വിനിയോഗിക്കുന്നതാണ്.

സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാസ്സു മുറികൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം, ലബോറട്ടറി, കംപ്യൂട്ടർ സൗകര്യങ്ങൾ ഒരുക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

2012-13 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ സ്കൂളുകളിൽ കുടിവെള്ള ലഭ്യത, മൂത്രപ്പുര, കക്കൂസ് തുടങ്ങിയവയുടെ നിർമ്മാണത്തിനുമായി 3.7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വകുപ്പിൻകീഴിൽ നടപ്പിലാക്കി വരുന്ന "മോഡൽ വി.എച്ച്.എസ്.എസ്" സ്കൂൾ പദ്ധതിയുടെ ഭാഗമായി തെരെഞ്ഞെടുക്കപ്പെട്ട 7 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. പഠനോപകരണങ്ങളും പുസ്തകങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

| | | | |
|---|---|---|---|
| | | | വി.എച്ച്.എസ്.ഇ യുടെ മൊത്തമായ ഉന്നമനത്തിനായി ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാർ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ നടന്നു വരുന്നു. |
| സി) | എയ്ഡഡ് മേഖലയെ ഇതിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ടോ ? | (സി) | ഇല്ല. |

Sajikumar N

സെക്ഷൻ ഓഫീസർ